(ബി) മൊയ്തു പാലത്തിന്റെ നിർമ്മാണത്തിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിന് കേന്ദ്രസർക്കാർ 303.75 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഫാസ്റ്റ് ട്രാക്ക് പദ്ധതിയിൽ ഉൾപ്പെടുത്തി സ്ഥലം ഏറ്റെടുക്കുന്നതിന് 30-11-2010 സർക്കാർ ഉത്തരവു പ്രകാരം അനുമതി നൽകിയിട്ടുണ്ട്. മമ്പറം പാലം നിർമ്മാണത്തിനായി 100 കോടി രൂപയുടെ അടങ്കൽ നബാർഡ് സഹായത്തിനായി സമർപ്പിച്ചിട്ടുണ്ട്. 17-1-2011-ലെ സർക്കാർ ഉത്തരവ് പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനുള്ള അനുവാദം നൽകിയിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) കല്ലിക്കണ്ടി പാലത്തിന്റെയും എലിത്തോട് പാലത്തിന്റെയും പുനർ നിർമ്മാണത്തിന് യഥാക്രമം 180 ലക്ഷം രൂപയുടെയും 198 ലക്ഷം രൂപയുടെയും റഫ് കോസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

(ഇ) സാമ്പത്തിക ലഭ്യത അനുസരിച്ച് ഭരണാനുമതി നൽകിയതിനു ശേഷം ഈ പണികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

കണ്ണൂർ എഞ്ചിനീയറിംഗ് കോളേജിലെ കമ്മ്യൂണിറ്റി ഓഡിറ്റോറിയം

210 (1938) ശ്രീ. സി. കെ. പി. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ എഞ്ചിനീയറിംഗ് കോളേജിന് 2007-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച കമ്മ്യൂണിറ്റി ഓഡിറ്റോറിയത്തിന്റെ പ്രവൃത്തി നാളിതുവരെ ആരംഭിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) 2009-ൽ ഭരണാനുമതി നൽകിയ പ്രസ്തുത പ്രവൃത്തി നാളിതുവരെയായിട്ടും ആരംഭിക്കാത്തതിന്റെ കാരണം അറിയിക്കുമോ ;

(സി) പ്രവൃത്തി എന്നേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ&ബി) ഈ പ്രവൃത്തിക്ക് 12-11-2007-ൽ സ.ഉ (സാധാ) നം. 1895/2007/ H.Edn. പ്രകാരം 99 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്നു. എന്നാൽ എഞ്ചിനീയറിംഗ് കോളേജ് പ്രിൻസിപ്പലിന്റെ ആവശ്യപ്രകാരം പ്ലാനിലും ഡിസൈനിലും കാര്യമായ മാറ്റങ്ങൾ വരുത്തുകയും അതിൻപ്രകാരം പ്ലാനും ഡിസൈനും തയ്യാറാക്കാൻ ചീഫ് ആർക്കിടെക്റ്റിനോട് ആവശ്യപ്പെടുകയും ചെയ്തിരുന്നു. ഇതേ സമയത്ത് സ.ഉ(സാധാ)നം. 2142/2009/ H.Edn. പ്രകാരം 21-12-2009-ൽ 235 ലക്ഷം രൂപയ്ക്ക് ഭരണാനുമതി പുതുക്കി ലഭിക്കുകയുണ്ടായി. പ്രിൻസിപ്പലിന്റെ ആവശ്യമനുസരിച്ച് പുതുക്കിയ പ്ലാനും സ്ട്രക്ച്ചറൽ ഡിസൈനും പ്രകാരം അടങ്കൽ തുക 389 ലക്ഷം രൂപയായി ഉയർന്നു. ആയതിനാൽ പുതുക്കിയ ഭരണാനുമതിക്കുള്ള നിർദ്ദേശം സർക്കാരിന്റെ പരിശോധനയിലാണ്.

(സി) പുതുക്കിയ ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിക്കുന്ന മുറയ്ക്കേ പ്രവൃത്തി ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly